# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME:** 12.30 **PM** **DATE**:27.12.2024

### പ്രധാനവാർത്തകൾ

1) മുൻ പ്രധാനമന്ത്രി ഡോ.മൻമോഹൻ സിംഗിന് ആദരാഞ്ജലി അർപ്പിച്ച് രാജ്യം. അനുശോചനം അറിയിച്ച് രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും മുഖ്യമന്ത്രിയും ഉൾപ്പെടെയുള്ള പ്രമുഖർ.

2) മുൻ പ്രധാനമന്ത്രിയോട് ആദരസൂചകമായി രാജ്യത്ത് ഏഴു ദിവസത്തെ ദു:ഖാചരണം. ഇന്നത്തെ സർക്കാർ പരിപാടികൾ റദ്ദാക്കി.

3) ഇന്ത്യൻ ബാങ്കുകളുടെ ലാഭത്തിൽ തുടർച്ചയായി ആറാം വർഷവും പുരോഗതി.

4) മുണ്ടക്കൈ, ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസത്തിനായി ടൗൺഷിപ്പ് നിർമാണത്തിന് സർക്കാർ കണ്ടെത്തിയ എസ്റ്റേറ്റ് ഭൂമികൾ ഏറ്റെടുക്കാമെന്ന് ഹൈക്കോടതി.

5) സന്തോഷ് ട്രോഫി ഫുട്ബോൾ ക്വാർട്ടർ ഫൈനലിൽ ഇന്ന് കേരളം ജമ്മു കശ്മീരിനെയും, മേഘാലയ സർവീസസിനെയും നേരിടും.

***********************************************************

PNU TVPM

## ഡോ.മൻമോഹൻ സിംഗ്

മുൻ പ്രധാനമന്ത്രിയും സാമ്പത്തിക വിദഗ്ദ്ധനും കോൺഗ്രസ് നേതാവുമായ ഡോ.മൻമോഹൻ സിംഗിന് ആദരാഞ്ജലി അർപ്പിച്ച് രാജ്യം. വീട്ടിൽ കുഴഞ്ഞ വീണതിനെ തുടർന്ന് ഇന്നലെ രാത്രി 8 മണിയോടെ ഡൽഹി എയിംസിലെ അടിയന്തര ചികിത്സാ വിഭാഗത്തിൽ പ്രവേശിപ്പിച്ചു. എന്നാൽ 9.51 ന് അദ്ദേഹത്തിൻറെ മരണം സ്ഥിരീകരിച്ചു.ഏതാനും മാസങ്ങളായി ആരോഗ്യസ്ഥിതി നല്ല നിലയിലായിരുന്നില്ല. ഗുർഷരൺ കൗർ ആണ് ഭാര്യ .മൂന്ന് പെൺമക്കളുണ്ട്.

************************************************************

## മൻമോഹൻ സിംഗ്-അനുശോചനം

മുൻ പ്രധാനമന്ത്രി ഡോ.മൻമോഹൻ സിംഗിന്റെ നിര്യാണത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്രമോദി എന്നിവർ ദു:ഖം രേഖപ്പെടുത്തി. വിദ്യാഭ്യാസവിചക്ഷണനും ഭരണതന്ത്രജ്ഞനുമായ അപൂർവ്വം രാഷ്ട്രീക്കാരിൽ ഒരാൾ ആയിരുന്നു ഡോ.മൻമോഹൻ സിംഗ് എന്ന് രാഷ്ട്രപതി സന്ദേശത്തിൽ പറഞ്ഞു. ഇന്ത്യൻ സമ്പദ് വ്യവസ്ഥ പരിഷ്കരിക്കുന്നതിലും മികച്ച സംഭാവനകൾ നൽകി. രാജ്യത്തെ സാമ്പത്തികരംഗം മാറ്റിമറിച്ച സാമ്പത്തിക ശാസ്ത്രജ്ഞൻ ആയിരുന്നു ഡോ.മൻമോഹൻ സിംഗ് എന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ പറഞ്ഞു. സമുന്നതനായ നേതാവിന്റെ നിര്യാണത്തിൽ രാജ്യം ദു:ഖിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി സന്ദേശത്തിൽ പറഞ്ഞു. ആഭ്യന്തരമന്ത്രി അമിത്ഷാ, ബി.ജെ.പി ദേശീയ അധ്യക്ഷനും കേന്ദ്രമന്ത്രിയുമായ ജെ.പിനദ്ദ, കോൺഗ്രസ് നേതാക്കളായ ശ്രീ.മല്ലികാർജ്ജുൻ ഖാർഗെ, ശ്രീ.രാഹുൽഗാന്ധി എന്നിവരും അനുശോചിച്ചു. മുഖ്യമന്ത്രി പിണറായി വിജയനും അനുശോചനം രേഖപ്പെടുത്തി.

RNUTVPM

*********************************************************

## ദു:ഖാചരണം-മൻമോഹൻ സിംഗ്

മുൻ പ്രധാനമന്ത്രി ഡോ.മൻമോഹൻ സിംഗിന്റെ നിര്യാണത്തിൽ രാജ്യത്ത് 7 ദിവസത്തെ ദുഖാചരണം. ഈ ദിവസങ്ങളിൽ ദേശീയ പതാക പകുതി താഴ്ത്തിക്കെട്ടും. സംസ്കാരം നടക്കുന്ന നാളെ വിദേശത്തെ എല്ലാ ഇന്ത്യൻനയതന്ത്ര കാര്യാലയങ്ങളിലും ദേശീയ പതാക പകുതിതാഴ്ത്തി കെട്ടും. ഇന്നത്തെ എല്ലാ സർക്കാർ പരിപാടികളും റദ്ദാക്കി. സമ്പൂർണ ഔദ്യോഗിക ബഹുമതികളോടെയാകും സംസ്കാരം.

*********************************************************

## എ.കെ.ആന്റണി (ഇൻട്രോ)

സാമ്പത്തിക പ്രതിസന്ധി ഘട്ടങ്ങളിൽ ലോകം കാതോർത്തിരുന്ന ശബ്ദമായിരുന്നു ഡോ.മൻമോഹൻ സിംഗിന്റേതെന്ന് മുൻ രാജ്യരക്ഷാ മന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായ എ.കെ.ആന്റണി അനുസ്മരിച്ചു.

(വോയിസ്)

RNU TVPM

*********************************************************

## ടി.കെ.എ.നായർ-അനുസ്മരണം (ഇൻട്രോ)

രാഷ്ട്രീയ എതിരാളികൾ അദ്ദേഹത്തെ വേട്ടയാടിയപ്പോൾ , രാജ്യതാൽപ്പര്യങ്ങൾ നിറവേറ്റുന്നതിലായിരുന്നു അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചതെന്ന് ഡോ.മൻമോഹൻ സിംഗിനെ അനുസ്മരിച്ച് മുൻ പ്രിൻസിപ്പൽ സെക്രട്ടറി ടി.കെ.എ.നായർ ആകാശവാണി വാർത്തകളോട്....

(വോയിസ്)

*********************************************************

## മൻമോഹൻ സിംഗ്- പ്രൊഫ മേരി ജോർജ് (ഇൻട്രോ)

ഇന്ത്യയുടെ സാമ്പത്തിക ഉദാരവത്കരണ നയരൂപവത്കരണത്തിൽ നിർണായക പങ്കുവഹിച്ച ദീർഘ വീക്ഷണമുള്ള നേതാവായിരുന്നു ഡോ മന്മോഹൻ സിംഗ്. ഇന്ത്യയുടെ നവ സാമ്പത്തിക പരിഷ്കാരങ്ങളുടെ ശില്പിയായ അദ്ദേഹത്തിന്റെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി പൊതു ചെലവ് അവലോകന സമിതി മുൻ അധ്യക്ഷ പ്രൊഫ ഡോ മേരി ജോർജ് ആകാശവാണി വാർത്തകളോട്......

(വോയ്സ്......)

************************************************************

## പ്രധാനമന്ത്രി -ആദരാഞ്ജലി

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്രമോദി, കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ, കേന്ദ്രമന്ത്രിയും ബി.ജെ.പി ദേശീയ അധ്യക്ഷനുമായ ജെ.പി.നദ്ദ എന്നിവർ ഡൽഹിയിൽ ഡോ.മൻമോഹൻ സിംഗിന്റെ വസതിയിലേത്തി ഭൗതികശരീരത്തിൽ ആദരാഞ്ജലി അർപ്പിച്ചു.

RNUTVPM

************************************************************

## ആദരാഞ്ജലി -സോണിയാഗാന്ധി

കോൺഗ്രസ് നേതാക്കളായ സോണിയാഗാന്ധി, രാഹുൽഗാന്ധി, പ്രിയങ്ക ഗാന്ധി തുടങ്ങിയവർ ഡൽഹിയിലെ വസതിയിലെത്തി ഡോ. മൻമോഹൻ സിംഗിന്റെ ഭൗതിക ദേഹത്തിൽ ആദരാഞ്ജലികൾ അർപ്പിച്ചു.

************************************************************

## കെ.സി.വേണുഗോപാൽ

മൻമോഹൻ സിങിനോട് ആദരസൂചകമായി കോൺഗ്രസിന്റെ ഏഴ് ദിവസത്തെ എല്ലാ പരിപാടികളും റദ്ദാക്കിയതായി AICC ജനറൽ സെക്രട്ടറി കെ.സി.വേണുഗോപാൽ. സ്ഥാപക ദിനാഘോഷങ്ങൾ ഉൾപ്പെടെ പരിപാടികളും എല്ലാ പ്രക്ഷോഭ പരിപാടികളും ജനസമ്പർക്ക പരിപാടികളും ഇതിൽ ഉൾപ്പെടുന്നതായി അദ്ദേഹം പറഞ്ഞു.

************************************************************

## ബാങ്ക് ലാഭം

ഇന്ത്യൻ ബാങ്കുകളുടെ ലാഭത്തിൽ തുടർച്ചയായി ആറാം വർഷവും പുരോഗതി. നിഷ്ക്രിയ ആസ്തികൾ മാർച്ച് മാസാവസാനം 2.7 ശതമാനം കുറഞ്ഞു. 13 വർഷത്തെ കുറഞ്ഞ നിരക്കാണിത്.

RNU TVPM

************************************************************

## ഹൈക്കോടതി വിധി-വയനാട്

വയനാട് മുണ്ടക്കൈ, ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസത്തിനായി ടൗൺഷിപ്പ് നിർമാണത്തിന് സർക്കാർ കണ്ടെത്തിയ എസ്റ്റേറ്റ് ഭൂമികൾ ഏറ്റെടുക്കാമെന്ന് ഹൈക്കോടതി. നിയമപ്രകാരമുള്ള നഷ്ടപരിഹാരം എസ്റ്റേറ്റ് ഉടമകൾക്ക് നൽകണമെന്നും ടൗൺഷിപ്പ് ആയി എസ്റ്റേറ്റ് ഭൂമി അളന്നു തിട്ടപ്പെടുത്തുന്നതിന് സർക്കാരിന് വേണ്ട സഹായം ചെയ്തു കൊടുക്കണമെന്നും ഹൈക്കോടതി വിധിയിൽ പറഞ്ഞു. നഷ്ടപരിഹാരത്തിൽ തർക്കം ഉണ്ടെങ്കിൽ എസ്റ്റേറ്റ് ഉടമകൾക്ക് നിയമനടപടികളുമായി മുന്നോട്ടുപോകാമെന്നും ഹൈക്കോടതി സിംഗിൾ ബെഞ്ച് ഉത്തരവിട്ടു.

************************************************************

## കെ.രാജൻ

വയനാട് പുനഃരധിവാസത്തിന് ഭൂമി ഏറ്റെടുക്കാമെന്ന ഹൈക്കോടതി വിധി സംസ്ഥാന സർക്കാരിൻറെ നിലപാടുകൾ ശരിവയ്ക്കുന്നതാണെന്ന് മന്ത്രി K രാജൻ. പുനഃരധിവാസം വൈകിയിട്ടില്ലെന്നും കോടതി വിധി മനുഷ്യന്റെ ഹൃദയം അറിയുന്നതാണെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

**************************************************************

## സന്തോഷ് ട്രോഫി

78-ാ മത് സന്തോഷ് ട്രോഫി ഫുട്ബോൾ ക്വാർട്ടർ ഫൈനലിൽ ഇന്ന് കേരളം ജമ്മു കശ്മീരിനെയും മേഘാലയ നിലവിലെ ചാമ്പ്യന്മാരായ സർവീസസിനെയും നേരിടും.

പശ്ചിമബംഗാളും മണിപ്പൂരും സെമിഫൈനലിൽ കടന്നിട്ടുണ്ട്.

**************************************************************

RNU TVPM

## ക്രിക്കറ്റ്

ബോർഡർ-ഗവാസ്കർ ട്രോഫി ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയുടെ നാലാം മത്സരത്തിൽ ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ ഒന്നാം ഇന്നിങ്സിൽ 5 വിക്കറ്റ് നഷ്ടത്തിൽ 160 റൺസ് എടുത്തിട്ടുണ്ട്. 6 വിക്കറ്റ് നഷ്ടത്തിൽ 311 എന്ന നിലയിൽ രണ്ടാം ദിനം ബാറ്റിംഗ് പുനരാരംഭിച്ച ഓസ്ട്രേലിയയുടെ ഒന്നാം ഇന്നിംഗ്സ് 474 റൺസിന് അവസാനിച്ചു.

**************************************************************

## എം.കെ.വർഗീസ്

ക്രിസ്തുമസ് ദിനത്തിൽ വീട്ടിലെത്തിയ ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രനിൽ നിന്ന് മധുരം സ്വീകരിച്ചതിൽ

അപാകതയില്ലെന്ന് തൃശൂർ മേയർ എം.കെ.വർഗീസ്. സാമാന്യ മര്യാദയാണ് കാട്ടിയതെന്നും അദ്ദേഹം പറഞ്ഞു. മുൻ മന്ത്രി വി.എസ്.സുനിൽകുമാറിന്റെ വിമർശനത്തോട് പ്രതികരിക്കുകയായിരുന്നു മേയർ.

*********************************************************

## കലാമത്സരങ്ങൾ മാറ്റി

ഇന്ന് നടത്താനിരുന്ന കോഴിക്കോട് ജില്ലാ കേരളോത്സവത്തിന്റെ ഭാഗമായ കലാമത്സരങ്ങൾ തിങ്കളാഴ്ചത്തേക്ക് മാറ്റി. അന്തരിച്ച MT വാസുദേവൻ നായരോടുള്ള ആദരസൂചകമായാണ് കലോത്സവം മാറ്റിയത്.

*********************************************************

## കണ്ണൂർ - കേരളോത്സവം

കണ്ണൂർ ജില്ലാ പഞ്ചായത്തും സംസ്ഥാന യുവജന ക്ഷേമ ബോർഡും സംയുക്തമായി നടത്തുന്ന ജില്ലാ കേരളോത്സവതിന്റെ സ്റ്റേജിതര മത്സരങ്ങൾ ഇന്ന് മുതൽ. അഴീക്കോട് ഹയർ സെക്കന്ററി സ്കൂളിൽ ആണ് പ്രധാന വേദി. ജില്ലയിലെ 11 ബ്ലോക്ക്, 9 മുനിസിപ്പാലിറ്റി, കണ്ണൂർ കോർപറേഷൻ എന്നിവിടങ്ങളിൽ നിന്നായി 3,000 ത്തോളം മത്സരാർഥികൾ പങ്കെടുക്കുന്നു. ഇന്ന് നടത്താനിരുന്ന സ്റ്റേജിതര മത്സരങ്ങളുടെ ഉദ്ഘാടന ചടങ്ങ് മാറ്റിവെച്ചു.

*********************************************************

## തൃശൂർ -സിറ്റിംഗ്

തൃശൂർ കലക്ടറേറ്റിൽ ഇന്ന് ഉച്ചക്ക് 2.30 ന് നടത്താനിരുന്ന വിവരാവകാശ കമ്മിഷൻ സിറ്റിംഗ് മാറ്റി. മുൻ പ്രധാനമന്ത്രി മൻമോഹൻ സിംഗിന്റെയും എം ടി വാസുദേവൻനായരുടെയും നിര്യാണത്തെ തുടർന്നാണ് നടപടി. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

RNUTVPM

*************************************************************

## എം.എൻ.സ്മാരകം

നവീകരിച്ച സി.പി.ഐ ആസ്ഥാന മന്ദിരമായ എം.എൻ സ്മാരകത്തിന്റെ ഉത്ഘാടനം തിരുവന്തപുരത്ത് നടന്നു. മന്ത്രി ജി.ആർ.അനിൽ അധ്യക്ഷത വഹിച്ചു. ചടങ്ങിൽ സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം പാർട്ടി പതാക ഉയർത്തി. കഴിഞ്ഞവർഷം മേയിൽ അന്നത്തെ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രനാണ് നവീകരണത്തിന് തറക്കല്ലിട്ടത്.

*************************************************************

## പമ്പാ സംഗമം

2018 ലെ പ്രളയത്തെത്തുടർന്ന് മുടങ്ങിയ പമ്പാസംഗമം ഇപ്രാവശ്യം പുനരാരംഭിക്കും. ജനുവരി 12 ന് വൈകിട്ട് നാലുമണിക്ക് ദേവസ്വം മന്ത്രി വി.എൻ.വാസവൻ ഉദ്ഘാടനം ചെയ്യും. നടൻ ജയറാം വിശിഷ്ടാതിഥിയാകും. ആദ്ധ്യാത്മിക, സാംസ്കാരിക സംഗമം എന്ന നിലയിലാണ് ചടങ്ങ് സംഘടിപ്പിക്കുന്നത്. പ്രളയത്തെത്തുടർന്ന് മുടങ്ങിയ പമ്പാസംഗമം തുടർന്നുള്ള വർഷങ്ങളിൽ കോവിഡ് കാരണവും നടന്നിരുന്നില്ല.

RNI TVPM

*************************************************************

## ദന്തൽ അസോസിയേഷൻ

ഇന്ത്യൻ ഡന്റൽ അസോസിയേഷന്റെ 55-ാം സംസ്ഥാന സമ്മേളനം ഇന്നു മുതൽ മറ്റന്നാൾ വരെ ആലപ്പുഴയിൽ നടക്കും. വൈകിട്ട് 7 ന് സമ്മേളനം പി.പി.ചിത്തരഞ്ജൻ എം.എൽ.എ ഉദ്ഘാടനം ചെയ്യും. നാളെ ഡോ.ജേക്കബ് സഖറിയ സ്മാരക ഓറേഷൻ അവാർഡ് സമർപ്പണ സമ്മേളനം നടക്കും. മറ്റന്നാൾ പൊതുയോഗവും ഭാരവാഹികളുടെ തിരഞ്ഞെടുപ്പും സ്ഥാനാരോഹണ ചടങ്ങും നടക്കും. ആധുനിക ചികിത്സാ

രീതികളെകുറിച്ച് ക്ളാസുകളും അത്യാധുനിക ഉപകരണങ്ങളുടെ പ്രദർശനവും സംഘടിപ്പിച്ചിട്ടുണ്ട്.

*********************************************************

## <u>കന്നുകാലി ഇൻഷ്വറൻസ്</u>

കോട്ടയം ജില്ലാ പഞ്ചായത്തിന്റെയും കാണക്കാരി, മാഞ്ഞൂർ, കുറവിലങ്ങാട് ഗ്രാമപഞ്ചായത്തുകളുടെയും സാമ്പത്തിക സഹായത്തോടെ മാഞ്ഞൂർ ക്ഷീരവികസന യൂണിറ്റിന്റെ പരിധിയിലുള്ള ക്ഷീര കർഷകർക്കായി നടപ്പാക്കുന്ന സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിക്ക് അപേക്ഷ ക്ഷണിച്ചു.

*******************************************************************************************************************

*********************************************************

RNU TVPM